(ബി) കെ.എസ്.ആർ.ടി.സി.-യിൽ അതാത് മാസത്തെ പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന വരുമാനത്തിൽ നിന്നാണ് പെൻഷൻ നൽകി വരുന്നത്. ഡീസൽ, ശമ്പളം, ലോണുകളുടെ തിരിച്ചടവ്, സ്പെയർ പാർട്ടുകൾ, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നീക്കിവയ്ക്കുന്ന 10 % റ്റി.എസ്.ബി. നിക്ഷേപം എന്നിവ കഴിച്ച് ദൈനംദിന വരുമാനത്തിലെ നീക്കിയിരിപ്പുതുകയും ബാക്കി തുക കെ.റ്റി.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുത്തുമാണ് പെൻഷൻ നൽകിവരുന്നത്. കടം കിട്ടുന്നതിനുള്ള കാലതാമസമനുസരിച്ച് പെൻഷൻ നൽകുന്ന തീയതിയിലും മാറ്റമുണ്ടാകാറുണ്ട്.

(സി)&(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ശ്രീമതി ഐഷാബീവിയുടെ പെൻഷൻ അപാകതകൾ പരിഹരിക്കാൻ നടപടി

170 (767) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഫാമിലി പെൻഷൻ (പി.പി.ഡി. നമ്പർ. 15763) ആയ ശ്രീമതി ഐഷാബീവി തനിക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള അപാകതകൾ ചൂണ്ടിക്കാട്ടി സമർപ്പിച്ച പരാതി പരിഗണിച്ചിട്ടുണ്ടോ ;

(ബി) പരാതിയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചശേഷം പരാതിക്കാരിക്ക് വ്യക്തമായ മറുപടി നല്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം വ്യക്തമായതും വിശദമായതുമായ മറുപടി നല്കാൻ നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മറുപടി നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

171 (768) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ എത്ര പേർക്കാണ് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നത് ;

(ബി) പെൻഷൻ നൽകുന്നതിനായി പ്രതിവർഷം എത്ര രൂപ കെ. എസ്. ആർ. ടി. സി. ചെലവഴിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻ കുടിശ്ശികയായി എത്ര കോടി രൂപ ഇനി അനുവദിക്കാനുണ്ട് ;

(ഡി) പെൻഷൻ കുടിശ്ശിക തീർക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പ്രതിമാസം 35843 പേർക്ക് പെൻഷൻ നൽകുന്നു.

(ബി) കെ.എസ്.ആർ.ടി.സി. 2009-10 വർഷത്തിൽ പെൻഷൻ നൽകുന്നതിനായി 192 കോടി രൂപ ചെലവാക്കി. നടപ്പു സാമ്പത്തിക വർഷം നവംബർ 2010 വരെ 165 കോടി രൂപ ചെലവായിട്ടുണ്ട്. പെൻഷൻ നൽകുന്നതിന് പ്രതിമാസം 22 കോടി രൂപ ചെലവാകുന്നുണ്ട്. കൂടാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ 74.43 കോടി രൂപ ചെലവായിട്ടുണ്ട്.

(സി)&(ഡി) ഒരുമാസത്തെപോലും പെൻഷൻ കുടിശ്ശികയില്ല. അതാതുമാസത്തെ പെൻഷൻ അതാതുമാസം തന്നെ നൽകിവരുന്നു.

പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കുവാൻ സ്ഥിരം സംവിധാനം

172 (769) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 വർഷത്തിൽ കെ. എസ്. ആർ. ടി. സി,-യിലെ പെൻഷൻകാർക്ക് ഓരോ മാസവും പെൻഷൻ വിതരണം ചെയ്ത തീയതിയും ആയതിന് ഓരോ മാസവും ചെലവായ ആകെ തുകയും എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പെൻഷൻ വിതരണത്തിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ സർക്കാർ എത്ര തുക കെ. എസ്. ആർ. ടി. സി-ക്ക് ധനസഹായമായോ, വായ്പയായോ, ബഡ്ജറ്റ് വിഹിതമായോ അനുവദിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ഡി) പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ ലഭിക്കുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly